# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 772 — 09/08/2017-ന് മറുപടിയ്ക്ക്

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. ജോൺഫെർണാണ്ടസ് | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017-ൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പൊതുവിദ്യാഭ്യാസം, പൊതുഭരണം, റവന്യൂ, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്ത യോഗ നടപടിക്കുറിപ്പിന്മേൽ പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഉണ്ട് |
| ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടും, ജാതികൾക്ക് സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുള്ള പ്രാതിനിധ്യം സംബന്ധിച്ച് രേഖകളും ലഭിക്കുന്ന മുറയ്ക്ക് വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടറോടും, സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പുരാവസ്തു വകുപ്പ് ഡയറക്ടറോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ പൊതുഭരണം എന്നീ വകുപ്പുകൾ 24.01.2017-ലെ യോഗതീരുമാനപ്രകാരം പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ